പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 71

# 2012-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 71

# 2012-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

152/2012.

# 2012-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2011 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 25-ാം വകുപ്പിനുള്ള ഭേദഗതി .—1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 2), 25-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പായി" എന്ന വാക്കുകൾക്കുപകരം "ഓരോ വർഷവും ഡിസംബർ അവസാനത്തിനുമുൻപായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 25-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വാർഷിക റിപ്പോർട്ടും കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും ഓരോ വർഷവും ജൂലൈ മാസം അവസാനിക്കുന്നതിനുമുമ്പ് സർക്കാരിന് സമർപ്പിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബോർഡിന്റെ വരവുകൾ കേരളത്തിന്റെ വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ സ്വീകരിക്കുന്നതിനാൽ കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് ചെയ്ത് ബോർഡ് അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിന് നിലവിലുള്ള സമയപരിധി മതിയാകാത്തതിനാൽ, ഇത് ഡിസംബർ മാസാവസാനമായി നിശ്ചയിക്കണമെന്ന് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു. സർക്കാർ ആയത് അംഗീകരിക്കുകയും ആക്റ്റിൽ ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഷിബു ബേബി ജോൺ.

## 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1989-ലെ 2) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

** ** **

25. <u>വാർഷിക റിപ്പോർട്ടും കണക്കുകളും ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റും</u>.—(1) ബോർഡിന്റെ നിർദ്ദേശപ്രകാരം ബോർഡിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഓരോ വർഷവും ജൂലായ് അവസാനത്തിനുമുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റ് സഹിതം നിയമസഭാമുമ്പാകെ വയ്ക്കേണ്ടതാണ്.

** ** **

** ** **